LIBRARY ARCHIVES Kerala Legislative Assembly

റ്റി.ബി.ജി.ആർ.ഐ. (ട്രോപ്പിക്കൽ ബോട്ടണിക്കൽ ഗാർഡൻ ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) ഇവ ഏൽപ്പിച്ചിട്ടുള്ള 70 ലക്ഷം രൂപയുടെ പ്രവർത്തികൾ, തൃശ്ശൂർ ജില്ലയിൽ എം.പി./എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടെ 50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇവയാണ് ഇതിൽ പ്രധാനപ്പെട്ടവ.

(സി) നിർമ്മിതി കേന്ദ്രത്തിന്റെ വിവിധ യൂണിറ്റുകൾ ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവർത്തികൾ എല്ലാംതന്നെ വിവിധ ഘട്ടങ്ങളിൽ എത്തി നിൽക്കുന്നവയാണ്. പ്രസ്തുത പ്രവർത്തികൾക്ക് സംസ്ഥാന നിർമ്മിതി കേന്ദ്രം സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് തുക ലഭ്യമാക്കുന്നതനുസരിച്ച് ഇവ പൂർത്തിയാക്കാൻ സാധിക്കും. തിരുവനന്തപുരം, കോട്ടയം എന്നീ ജില്ലകളിലെ ചില പഞ്ചായത്തുകൾക്കായുള്ള അംഗനവാടികളുടെ നിർമ്മാണം പൂർത്തിയാക്കുവാനുണ്ട്. പ്രസ്തുത പഞ്ചായത്തുകളിൽ നിന്നും മുഴുവൻ തുകയും ലഭിക്കാത്തതിനാലാണ് പൂർത്തീകരിക്കാൻ കഴിയാത്തത്.

(ഡി) തിരുവനന്തപുരം ജില്ല നിർമ്മിതി കേന്ദ്രത്തിന്റെ പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്റർ ആയിട്ടാണ് ആക്കുളം നിർമ്മിതി കേന്ദ്രം പ്രവർത്തിച്ചുവരുന്നത്. പ്രൊഡക്ഷൻ സെന്ററിൽ ഹോളോ ബ്ലോക്കിന്റെ നിർമ്മാണം നടന്നുവരുന്നു. കൂടാതെ ചെലവു കുറഞ്ഞ സാങ്കേതിക വിദ്യയുടെ ബോധവൽക്കരണത്തിന്റെ ഭാഗമായുള്ള ഡെമോൺസ്ട്രേഷനും നടത്തിവരുന്നു. ട്രെയിനിംഗിനുവേണ്ടി ഇപ്പോൾ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ട്രെയിനിംഗ് നടത്തുന്നില്ല.

(ഇ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രവും സിസ് ഏജൻസി ഫോർ ഡവലപ്പ്മെന്റ് ആന്റ് കോ-ഓപ്പറേഷനും സംയുക്തമായി നടപ്പിലാക്കിവരുന്ന റൂറൽ ഹൗസിംഗ് പ്രോജക്ടിന്റെ ഭാഗമായി തെരഞ്ഞെടുത്ത 14 പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ വിദഗ്ദ്ധ തൊഴിലാളികൾക്ക് ചെലവു ചുരുങ്ങിയ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യയിൽ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. 15 പഞ്ചായത്തുകളിൽ ഈ പദ്ധതി പ്രകാരം പരിശീലന പരിപാടികൾ ആരംഭിച്ചു കഴിഞ്ഞു. രണ്ട് വർഷം കൊണ്ട് 26 പഞ്ചായത്തുകളിലും കൂടെ ഈ പദ്ധതി പ്രകാരം പരിശീലനം വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള കരാർ ഒപ്പുവച്ചിട്ടുണ്ട്.

റവന്യൂ ടവറുകളുടെ നിർമ്മാണം

27 [3198] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച ആറ്റിങ്ങൽ, തൊടുപുഴ, ഹോസ്ദുർഗ്, മാനന്തവാടി, കാഞ്ഞിരപ്പള്ളി, കൊട്ടാരക്കര, റാന്നി എന്നിവിടങ്ങളിലെ നിർദ്ദിഷ്ട റവന്യൂ ടവറുകളിൽ ഏതെല്ലാം ടവറുകളുടെ നിർമ്മാണമാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഹോസ്ദുർഗ് താലൂക്കിലെ റവന്യൂ ടവർ നിർമ്മിക്കുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതിയ റവന്യൂ ടവറുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) ഹോസ്ദുർഗ്ഗ് റവന്യൂ ടവറിന്റെ നിർമ്മാണത്തിനായി സർക്കാർ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

കുരാച്ചുണ്ട് വില്ലേജിന്റെ അതിർത്തി പുനഃനിർണ്ണയം

28 [3199] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരാച്ചുണ്ട് വില്ലേജിന്റെ അതിർത്തി പുനർനിർണ്ണയിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്പോൾ കുരാച്ചുണ്ട് വില്ലേജ് ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് സ്ഥിതി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതുമൂലം ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വില്ലേജിന്റെ പുനർനിർണ്ണയം എപ്പോൾ നടക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) താലൂക്ക്/വില്ലേജ് പുനഃസംഘടന പഠിക്കാൻ നിയോഗിച്ചിട്ടുള്ള കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) കുരാച്ചുണ്ട്, കായണ്ണ, പനങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ.

(സി) ഉണ്ട്.

(ഡി) താലൂക്ക് വില്ലേജ് പുനഃസംഘടന പഠിക്കാൻ നിയോഗിച്ചിട്ടുള്ള കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്കേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ.

ഉതിനൂർ വില്ലേജ് ഓഫീസ് കെട്ടിടം

29 [3200] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ ഉതിനൂർ വില്ലേജ് ഓഫീസ് കെട്ടിടം സ്വന്തം ഭൂമിയിൽ ആണോ പണി കഴിപ്പിച്ചിരിക്കുന്നത്;

(ബി) പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണ്;

LIBRARY ARCHIVES Kerala Legislative Assembly